**പ്രമേയം**

<u>സഭാസമ്മേളനം ക്രമീകരിക്കുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ അപ്രതീക്ഷിത പേമാരിയും ഉരുൾപ്പൊട്ടലും നിമിത്തം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷവും അടുത്ത മൂന്ന്-നാല് ദിവസം കനത്ത മഴയുണ്ടാകുമെന്ന കാലാവസ്ഥാ പ്രവചനവും കണക്കിലെടുത്ത് കുറ്റമറ്റരീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും സാന്നിദ്ധ്യം പ്രദേശികമായി അനിവാര്യമാണെന്ന് കാണുന്നതിനാൽ 2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഇന്നേദിവസത്തെ തുടർന്നുള്ള സഭാനടപടികൾ നിർത്തിവയ്ക്കാനും 2021 ഒക്ടോബർ 21, 22 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നുവെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ......ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും 25-10-2021 (തിങ്കൾ) രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.15-ന് പിരിഞ്ഞു.)

*********